# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ: അനുപമ. റ്റി.വി IAS)

വിഷയം: വനിതാ ശിശുവികസന വകുപ്പ്-അന്വേഷി വുമൺ കൗൺസിലിംഗ് സെന്റർ 2019-20 വർഷത്തെ ഗ്രാന്റ് 10 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ.ഉ (സാധാ) നമ്പർ 239/19 സാനീവ തീയതി 15.05.2019
2. സ.ഉ (സാധാ) നമ്പർ 585/19 സാനീവ തീയതി 20.09.2019
3. വനിത ശിശുവികസന ഡയറക്ടറുടെ 23.10.2019 ലെ WEC-2/819/19 നമ്പർ നടപടിക്രമങ്ങൾ.
4. സ.ഉ (സാധാ) നം. 646/201/സാനീവ തീയതി 11.10.2019.
5. അന്വേഷി പ്രസിഡന്റുമായി 25.02.2020 ൽ ഒപ്പ് വച്ച ധാരണപത്രം.

==========================================================================

ഉത്തരവ് നം. WEC-2/819/19 തീയതി : 06.03.2020.

==========================================================================

സ്ത്രീ ശാക്തീകരണം, സ്ത്രീ വിമോചനം, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ചെറുക്കുക എന്നീ ലക്ഷ്യങ്ങളോടെ കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് അന്വേഷി വുമൺ കൗൺസിലിംഗ് സെന്റർ ടി സംഘടനയ്ക്ക് സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2019-20 വർഷം 2235-02-103-64 ( NP) ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2019-20 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിൻ പ്രകാരം അധിക ധനാനുമതിയ്ക്കായി 15 ലക്ഷം രൂപ കൂടി വകയിരുത്തിയിട്ടുണ്ട്. പരാമർശം (1), (2) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം 10 ലക്ഷം രൂപ അന്വേഷി വിമൺ കൗൺസിലിംഗ് സെന്ററിന് അനുവദിച്ചിട്ടുണ്ട്. പരാമർശം 4 പ്രകാരം 10 ലക്ഷം രൂപ അന്വേഷി വിമൺ കൗൺസിലിംഗ് സെന്ററിന് നൽകുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പരാമർശം (5) പ്രകാരം അന്വേഷി പ്രസിഡന്റുമായി MOU ഒപ്പ് വച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരാമർശം (4) ഉത്തരവിലെ വ്യവസ്ഥകൾക്കും പരാമർശം 5 ലെ MOU വിലെ വ്യവസ്ഥകൾക്കും വിധേയമായി 10 ലക്ഷം രൂപ അന്വേഷി വിമൺ കൗൺസിലിംഗ് സെന്ററിന് നൽകുന്നതിന് കോഴിക്കോട് ജില്ലാ വനിത ശിശുവികസന പദ്ധതി ഓഫീസർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ടി ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച മേൽനോട്ട ചുമതല കോഴിക്കോട് ജില്ലാ വനിതാ ശിശുവികസന ഓഫീസർ വഹിക്കേണ്ടതാണ്. ഇപ്രകാരം അനുവദിച്ച 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-

02-103-64(NP) ശീർഷകത്തിൽ നിന്നും കോഴിക്കോട് ജില്ലാ പ്രോഗ്രാം ഓഫീസിലെ ഡിഡിഒ ആയ സീനിയർ സൂപ്രണ്ട് മുഖേന മാറി അന്വേഷി വുമൺ കൗൺസിലിംഗ് സെന്ററിന്റെ നെല്ലിക്കോട് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ നെല്ലിക്കോട് ശാഖയിലെ അക്കൗണ്ട് നമ്പർ 441802010208340 ലേയ്ക്ക് (IFS Code UBIN0544183) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതാണ്.

തുക അനുവദിച്ചശേഷം ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കോഴിക്കോട് ജില്ലാ വനിത ശിശു വികസന ഓഫീസർ അന്വേഷിക്കേണ്ടതും സർക്കാർ ഉത്തരവുകൾക്കും MOU വിലെ വ്യവസ്ഥകൾക്കും വിധേയമായിട്ടാണോ ഫണ്ട് ചെലവഴിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം (കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1ലെ ഫോറം 44 പ്രകാരം), ചെലവ് വിവര പട്ടിക എന്നിവ ജില്ലാ വനിത ശിശു വികസന ഓഫീസർമാർ അന്വേഷി വുമൺ കൗൺസിലിംഗ് സെന്ററിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശുവികസന ഡയറക്ടർ

**ജില്ലാ വനിത ശിശുവികസന ഓഫീസർ. കോഴിക്കോട്.**

**പകർപ്പ്**

(1.) പ്രസിഡന്റ്,
അന്വേഷി വുമൺ കൗൺസിലിംഗ് സെന്റർ, കോഴിക്കോട്.

(2) സൂപ്രണ്ട്, എ സെക്ഷൻ

(3) ജില്ലാ പ്രോഗ്രാം ഓഫീസർ, കോഴിക്കോട്.

(4) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

Sende

സൂപ്രണ്ട്

GB